Registered Tapal

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സങ്കേതിക വിദ്യാഭ്യാസം - ഡയറക്ടരുടെ കാര്യാലയം,തിരുവനന്തപുരം - ജീവനകാര്യം (ഡി) - എം.കുഞ്ഞിക്കണ്ണൻ നായർ, വാച്ച്മാൻ, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, മൊഗ്രാൽപുത്തൂർ, കാസറഗോഡ് - കേരള സർവീസ് ചട്ടം ഭാഗം I അനുബന്ധം XII A പ്രകാരം അനുവദിക്കപ്പെട്ട ശൂന്യവേതനാവധിക്കു ശേഷം സർവീസിൽ പുന:പ്രവേശിക്കാത്തത് - അച്ചടക്ക നടപടി - സർവീസിൽ നിന്നും നീക്കം ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ഇ.ഡി-3/13364/15/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 24.11.2023

---

വായന:- 1.07.12.2005 ലെ സ.ഉ (സാധാ) നം.2029/2005/ഉവിവ നമ്പർ സർക്കാർ ഉത്തരവ്
2.04.11.2010 ലെ സ.ഉ (സാധാ) നം.2139/10/ഉവിവ നമ്പർ സർക്കാർ ഉത്തരവ്
3.08.09.2015 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്
4.12.10.2020, 09.12.2020, 15.12.2022, 28.12.2022 തിയതികളിലെ എ1/320/2020/ടിഎച്ച്എസ് മൊഗ്രാൽപുത്തൂർ നമ്പർ കത്തുകൾ
5.05.11.2020 ലെ സ.ഉ.(പി) നം.152/2020/ധന നമ്പർ ഉത്തരവ്
6.16.11.2020, 27.12.2020 തിയതികളിലെ ഈ കാര്യലയത്തിലെ ഇതേ നമ്പർ കത്തുകൾ
7.20.04.2021 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ കുറ്റാരോപണ പത്രികയും, കുറ്റപത്രവും
8.14.03.2023 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്
9.03.4.2023 ലെ സി/3931/ജിപിസികെഎസ്ആർഡി പെരിയ സർക്കാർ പോളിടെക്നിക്ക് കോളേജ്
10.18.04.2023 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**ഉത്തരവ്**

കാസറഗോഡ് മൊഗ്രാൽ പുത്തൂർ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ 21.11.2005 - ൽ വാച്ച്മാൻ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച എം.കുഞ്ഞിക്കണ്ണൻ നായർക്ക്, വായന (1) മുതൽ (3) വരെയുള്ള ഉത്തരവുകൾ പ്രകാരം, കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 അനുബന്ധം XII - എ വ്യവസ്ഥകളിൻമേൽ 09.12.2005 മുതൽ തുടർച്ചയായി 15 വർഷം ശൂന്യവേതനാവധി അനുവദിച്ചിരുന്നു.

മേൽ പ്രകാരം അനുവദിക്കപ്പെട്ട ശൂന്യവേതനാവധി കാലയളവ് 09.12.2020 മുതൽ അഞ്ച് വർഷത്തേക്ക് വീണ്ടും ദീർഘിപ്പിക്കണമെന്ന വായന (4) - ലെ 12.10.2020 തിയതിയായുള്ള ടിയാൻറെ അവധി അപേക്ഷ, വായന (5) സർക്കാർ ഉത്തരവ് പ്രകാരം പരിഗണിക്കുവാൻ കഴിയുകയില്ലായെന്നും, നിലവിലെ ശൂന്യവേതനാവധി കാലയളവ് കഴിയുന്ന മുറക്ക് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതാണെന്നും ഉള്ള നിർദ്ദേശം വായന (6) ലെ 16.11.2020 കത്ത് മുഖേന സ്ഥാപന മേധാവി വഴി ടിയാന് നൽകിയിരുന്നു.

കോവിഡ് - 19 അസാധാരണ സാഹചര്യമായതിനാൽ വിദേശത്തു നിന്നും ഉടൻ മടങ്ങി വരാൻ കഴിയാത്ത അവസ്ഥയാണെന്നും, ജോലി സ്ഥലത്തു ഏർപ്പെട്ടിട്ടുള്ള ബാധ്യതകൾ തീർപ്പാക്കിയ ശേഷം തിരികെ സർക്കാർ സർവ്വീസിൽ പ്രവേശിക്കാമെന്നും, അതിനായി ആറ് മാസത്തേക്ക് കൂടി ടി ശൂന്യവേതനാവധി ദീർഘിപ്പിക്കണമെന്നും അഭ്യർത്ഥിച്ച് കൊണ്ടുള്ള ടിയാൻറെ അപേക്ഷ; ബാധ്യതകളുടെയും, കരാറുകളുടെയും ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിച്ചാൽ ആയത് സർക്കാരിലേക്ക് അറിയിച്ച് തീരുമാനം സ്വീകരിക്കാമെന്ന് വായന (6) ലെ 27.12.2020 കത്ത് പ്രകാരം സ്ഥാപന മേധാവി മുഖേന ടിയാനെ അറിയിച്ചിരുന്നുവെങ്കിലും, ടി കത്തുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെയും, അനുവദിക്കപ്പെട്ട ശൂന്യവേതനാവധി കാലയളവ് പൂർത്തിയായിട്ടും ജോലിക്കു യഥാസമയം റിപ്പോർട്ട് ചെയ്യാതെയുമിരുന്ന ടിയാൻറെ പ്രവർത്തിക്കെതിരെ വായന (7) പ്രകാരം കുറ്റപത്രവും, കുറ്റാരോപണ പത്രികയും ടിയനെതിരെ നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി കുറ്റാരോപണ പത്രികയും, കുറ്റപത്രവും ടിയാൻ കൈപ്പറ്റാതെ മടങ്ങിയെന്ന വിവരം വായന (5) ലെ 15.12.2022 കത്ത് മുഖാന്തരം സ്ഥാപന മേധാവി അറിയിച്ചിരുന്നു.

ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് താൽപ്പര്യപ്പെട്ടു കൊണ്ടുള്ള 24.12.2022 ലെ ശ്രീ.കുഞ്ഞികണ്ണൻനായർ.എം - ൻറെ അപേക്ഷ, വായന (5) ലെ 28.12.2022 ലെ കത്ത് മുഖേന മൊഗ്രാൽപുത്തൂർ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് അറിയിച്ചതിൻറെ അടിസ്ഥാനത്തിലും, കേരള സർവ്വീസ് ചട്ടങ്ങൾ അനുബന്ധം XII - എ പ്രകാരം അനുഭവിച്ചു വന്ന ശൂന്യവേതനാവധി കാലയളവ് പതിനഞ്ച് വർഷം പൂർത്തിയാക്കി 09.12.2020 - ന് തിരികെ ജോലിയിൽ പ്രവേശിക്കാതെയോ, അനുബന്ധ പ്രമാണങ്ങൾ സഹിതം ടി ശൂന്യവേതനാവധി കാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ ചെയ്യാതിരുന്ന ടിയാൻറെ ടി പ്രവർത്തിക്ക് ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുകയോ, വേലവിലക്ക് ഏർപ്പെടുത്തുകയോ ചെയ്യാത്ത സാഹചര്യത്തിലും; കാസറഗോഡ് പെരിയ സർക്കാർ പോളിടെക്ക്നിക്ക് കോളേജിലെ വാച്ച്മാൻ തസ്തികയിലെ തുറന്ന ഒഴിവിൽ ശ്രീ.കുഞ്ഞികണ്ണൻനായർ.എം - നു

Draft #18 of File ED3/13364/15/DTE Approved by Senior Administrative Officer on 24-Nov-2023 04:02 PM - Page 1

പുന : പ്രവേശനം അനുവദിച്ച് വായന (8) പ്രകാരം ഉത്തരവായിരുന്നുവെങ്കിലും, നിശ്ചിത തിയതിയിലും ടിയാൻ ജോലിയിൽ പ്രവേശിച്ചിട്ടില്ലായെന്ന് പെരിയ സർക്കാർ പോളിടെക്ക്നിക്ക് കോളേജ് മേധാവി റിപ്പോർട്ട് ചെയ്യുകയും, ടിയാൻറെ മേൽ വിലാസത്തിൽ അയച്ചു നൽകിയ റീ - പോസ്റ്റിംഗ് ഉത്തരവ് "returned to sender" എന്ന ലേബലിലുള്ള അക്നോളഡ്ജ്മെൻറും ലഭിച്ചിരുന്നു.

പതിനഞ്ച് വർഷത്തെ ശൂന്യവേതനാവധി കാലയളവ് പൂർത്തിയാക്കി യഥാസമയം ജോലിയിൽ തിരികെ പ്രവേശിക്കാതിരുന്ന വാച്ച്മാൻ കുഞ്ഞിക്കണ്ണൻ നായർ.എം - നെതിരെ 1960 - ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ട പ്രകാരം സർവീസിൽ നിന്നും നീക്കം ചെയ്യാതിരിക്കുന്നതിന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഒരു മാസത്തിനകം ബോധിപ്പിക്കണമെന്നും, നിശ്ചിത തിയതിക്കകം എതിർവാദം സമർപ്പിച്ചില്ലായെങ്കിൽ ഇതിന്മേൽ യാതൊന്നും ബോധിപ്പിക്കാനില്ലായെന്ന അനുമാനത്തിൽ ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതാണെന്നും അറിയിച്ചു കൊണ്ട് വായന (10) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ്, ടിയാൻറെ അറിയപ്പെടുന്ന മേൽവിലാസത്തിലൂടെയും, ഇ - മെയിലിലൂടെയും പ്രമുഖ മലയാള ദിനപത്രങ്ങളിലൂടെയും അറിയിച്ചിരുന്നുവെങ്കിലും, ആയതിനും യാതൊരു എതിർവാദവും ടിയാൻ നാളിതുവരെ നിരത്തിയിരുന്നുമില്ല.

ഈ സാഹചര്യത്തിൽ, 21.11.2005 - ൽ വാച്ച്മാൻ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചതും, 09.12.2005 മുതൽ തുടർച്ചയായി 15 വർഷം ശൂന്യവേതനാവധി അനുഭവിക്കുകയും, ശേഷം സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടികളെ സംബന്ധിക്കുന്ന മാനുവലിലെ ഖണ്ഡിക 53 (6) പ്രകാരം വാച്ച്മാൻ തസ്തികയിൽ പെരിയ സർക്കാർ പോളിടെക്നിക്ക് കോളേജിൽ പുനർ നിയമനം നൽകിട്ടും ജോലിക്ക് ഹാജരാകാതിരിക്കുകയും ചെയ്ത ശ്രീ.കുഞ്ഞികണ്ണൻ നായർ.എം - നെതിരെ, വായന (10) കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ചിരുന്ന സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതാണെന്ന താൽക്കാലിക തീരുമാനം ഇതിനാൽ സ്ഥിരപ്പെടുത്തി കൊണ്ടും, സ.ഉ (പി) നം.82/പബ്ലിക്ക് (റൂൾസ്) തീയതി 08.03.1965 ലെ കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം 11 പ്രകാരം വാച്ച്മാൻ തസ്തികയിലെ നിരീക്ഷണകാലം അവസാനിപ്പിച്ചു കൊണ്ടും, വാച്ച്മാൻ തസ്തികയിൽ പെരിയ സർക്കാർ പോളിടെക്നിക്ക് കോളേജിൽ പുനർ നിയമനം നൽകിയിരുന്ന ശ്രീ.കുഞ്ഞികണ്ണൻ നായർ.എം, പുതിയപുര, പാക്കം.പി.ഓ, പള്ളിക്കര വഴി, കാസറഗോഡ് - 671316 - നെ; കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ 11 (1) (vii) പ്രകാരം സർക്കാർ സർവീസിൽ നിന്നും നീക്കം ചെയ്തു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ് /-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1.എം.കുഞ്ഞിക്കണ്ണൻ നായർ, പുതിയപുര, പാക്കം.പി.ഓ,പള്ളിക്കര വഴി,
കാസറഗോഡ് - 671316
(മൊബൈൽ - 00971503601549)
(രജി.തപാൽ എഡി കാർഡ് സഹിതം)
2.kannannair74@gmai.com

പകർപ്പ്

1.പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്ക്നിക്ക് കോളേജ്, പെരിയ, കാസറഗോഡ് (ഡിടിഇ വെബ് സൈറ്റ് വഴി)
2.സൂപ്രണ്ട്,സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ മൊഗ്രാൽപുത്തൂർ (ഡിടിഇ വെബ് സൈറ്റ് വഴി)
3.സൂപ്രണ്ട്, ജീവനക്കാര്യം (ജി) വിഭാഗം,ഡിടിഇ (ഡിഡിഎഫ്എസ് വഴി)
4.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

**Approval Valid**

Digitally Approved By
സുനിൽ കുമാർ സി വി
Date: 24.11.2023
Reason: Approved

The document is digitally approved. Hence signature is not needed.



Draft #18 of File ED3/13364/15/DTE Approved by Senior Administrative Officer on 24-Nov-2023 04:02 PM - Page 2